

*ജനകീയൻ.... ഇടതു സംഘടനകൾ ആഹ്വാനം ചെയ്ത വാഹന പണിമുടക്കിനിടയിലും കോഴിക്കോട്ട് നടന്ന മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ ജനസമ്പർക്ക പരിപാടിയിൽ പങ്കെടുക്കാനെത്തിയ വൻ ജനക്കൂട്ടം* **വി.ആലി**

# പ്രശ്നങ്ങൾ കേട്ടും പരിഹരിച്ചും മുഖ്യമന്ത്രി

## ജനസമ്പർക്ക പരിപാടിക്ക് ഗംഭീര തുടക്കം

**നിസാർ ഒളവണ്ണ**
കോഴിക്കോട്

ഇടത് പണിമുടക്കിലും ഒഴുകിയെത്തിയ ആയിരങ്ങളെ സാക്ഷിനിർത്തി മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ ജനസമ്പർക്ക പരിപാടിക്ക് കോഴിക്കോട്ട് ഗംഭീര തുടക്കം. ഇടതുസംഘടനകൾ ആഹ്വാനം ചെയ്ത വാഹനപണിമുടക്കുകാരണം വലഞ്ഞ സാധാരണക്കാർ തങ്ങളുടെ നീറുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുമെന്ന ഉറച്ചവിശ്വാസത്തോടെ മലബാർ ക്രിസ്ത്യൻകോളജ് ഗ്രൗണ്ടിലേക്ക് പരന്നൊഴുകി. കാലത്ത് പത്ത് മണിയോടെ മുഖ്യമന്ത്രി വേദിയിലെത്തുമ്പോൾ പരാതിയുമായെത്തിയ ആയിരങ്ങൾ പന്തലിൽ നിറഞ്ഞു കവിഞ്ഞിരുന്നു. ജനസമ്പർക്ക പരിപാടിയിൽ 26,82,500 രൂപ ധനസഹായമായി വിതരണം ചെയ്തു. പതിനാല് പേർക്ക് പട്ടികജാതി വിഭാഗങ്ങൾക്കുള്ള ലാപ്ടോപ്പ് വിതരണവും നടന്നു.

ഭരണം ജനങ്ങളിലേക്ക് എന്ന സന്ദേശം പ്രാവർത്തികമാക്കാനുള്ള ശ്രമമാണ് ജനസമ്പർക്ക പരിപാടികളിലൂടെ ഉദ്ദേശിക്കുന്നതെന്ന് ചടങ്ങ് ഉദ്ഘാടനം ചെയ്തുകൊണ്ട് മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു. സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ എല്ലാംമറന്നുള്ള കൂട്ടായ്മ ആവശ്യമാണ്. ഈ കൂട്ടായ്മ രൂപപ്പെടുത്തുകയാണ് ജനസമ്പർക്ക പരിപാടിയുടെ ലക്ഷ്യം. സംസ്ഥാനത്തെ പതിനാലു ജില്ല

*ശേഷം പേജ് 05 കോളം 1* ▶